പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

15.02.2016 ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1540

## വളം കീടനാശിനി ഗുണനിലവാരം

**ചോദ്യം**

ശ്രീ. കെ. എൻ. എ. ഖാദർ

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വില്പന നടത്തുന്ന വളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

**(എ)** രാസവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരത്തും പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും ഓരോ രാസവള ഗുണനിലവാര പരിശോധനശാലകൾ പ്രവർത്തിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ തന്നെ ഒരു ജൈവവള ഗുണനിലവാര പരിശോധന ശാലയുടെ നിർമ്മാണം പൂർത്തീകരിച്ചു വരികയുമാണ്.

രാസവള ഗുണനിലവാര പരിശോധന ശാലയിൽ FCO 1985 (ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ) പ്രകാരം വളങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നു. കൂടാതെ എല്ലാ കൃഷി ഭവനുകളിലും വളങ്ങളുടെ സാമ്പിൾ എടുത്ത് പരിശോധനയ്ക്കായി ലാബിൽ അയയ്ക്കുകയും ആയതിന്റെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്ത് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**(ബി)** കർഷകർക്ക് ലഭിക്കുന്ന ജൈവവളം, ജൈവകീടനാശിനി എന്നിവയിൽ പലപ്പോഴും മായം ചേർക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

**(സി)** മായം ചേർത്തതും ഗുണനിലവാരമില്ലാത്തതുമായ വളം ഉപയോഗിക്കുന്നത് കൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

**(ബി) & (സി)** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴിയും അല്ലാതെയും വിപണനം ചെയ്യുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തുകയും ഗുണനിലവാരം കുറഞ്ഞതും മായം ചേർത്തതുമായ വളം വിപണനം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

**(ഡി)** FCO 1985 (ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ) പ്രകാരം സംസ്ഥാനത്ത് വിപണനം ചെയ്യുന്ന വളങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും മായം ചേർത്തതായ വളം വിപണനം ചെയ്യുന്ന കമ്പനികൾക്കെതിരെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

**സെക്ഷൻ ഓഫീസർ**